(സി) നൂതന ആശയങ്ങൾ, പുതിയ സാങ്കേതിക വിദ്യ, ഇന്നവേഷൻ, നൂതന കണ്ടുപിടിത്തങ്ങൾ എന്നിവ പങ്കുവയ്ക്കാൻ കഴിവുള്ള യുവസംരംഭകരെ കയർ മേഖലയിലേയ്ക്ക് ആകർഷിക്കുവാൻ ഈ പദ്ധതി സഹായകരമാകുമെന്ന് കരുതുന്നു.

(ഡി) നൂതന ആശയങ്ങൾ പ്രയോജനപ്പെടുത്തി നൂതന ഉല്പന്നങ്ങൾ നിർമ്മിക്കുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ഏജൻസികൾക്കും ഇതിന്റെ സഹായം ലഭിക്കുന്നു. കയർ മേഖലയിൽ ഗവേഷണ വികസന സ്ഥാപനമായ എൻ.സി.ആർ.എം.ഐ.-യുടെ ആഭിമുഖ്യത്തിലാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

കയർ ഗ്രാമം പദ്ധതി

190 (1223) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2012-13-ലെ ബജറ്റ് പ്രസംഗത്തിൽ പറഞ്ഞിട്ടുള്ള കയർഗ്രാമം പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ ;

(ബി) ഇതിനായി സ്വകാര്യ മേഖലയിൽനിന്നും പങ്കാളിത്തം ഉണ്ടായിട്ടുണ്ടോ ; പ്രസ്തുത പദ്ധതിക്കായി സർക്കാർ എത്ര തുക ചെലവഴിച്ചു ;

(സി) ഇതുമൂലം കയർ മേഖലയ്ക്ക് എന്തെങ്കിലും ഗുണം ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി& സി) ഉത്തരം 'എ'യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

കയർ മേഖലയിലെ യന്ത്രവൽക്കരണം

191 (1224) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ മേഖലയിൽ യന്ത്രവൽക്കരണം ദ്രുതഗതിയിൽ നടപ്പിലാക്കുമ്പോൾ ഈ മേഖലയിലെ പരമ്പരാഗത തൊഴിലാളികൾക്ക് എപ്രകാരമാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) യന്ത്രവൽക്കരണം കയർ മേഖലയിൽ നടപ്പിലാക്കുമ്പോൾ ഈ മേഖലയിലെ പരമ്പരാഗത തൊഴിലാളികൾക്ക് പ്രയോജനം ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തൊണ്ട് ചകിരിയാക്കുന്ന മിനി ഡീഫൈബറിംഗ് മെഷീൻ, കയർ പിരിക്കുന്ന ഇലക്ട്രോണിക് റാട്ട്, ആധുനിക തരത്തിലുള്ള വിവിധയിനം കയർ പിരിക്കാവുന്ന ഉല്പാദനക്ഷമത കൂടുതലുള്ള ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ ഉൾപ്പെടെയുള്ള കയർ മെഷീനറി യന്ത്രങ്ങൾ നിർമ്മിച്ച് കയർ മേഖലയിൽ നിയന്ത്രിത യന്ത്രവത്ക്കരണം നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ഇതുവഴി തൊഴിലാളികളുടെ അധ്വാനഭാരം ലഘൂകരിക്കാനും ഉല്പാദനക്ഷമത വർദ്ധിപ്പിക്കാനും തൊഴിലാളികൾക്ക് വരുമാന സ്ഥിരത ഉറപ്പാക്കാനും കഴിയുന്നതാണ്.

(ബി) നിയന്ത്രിത യന്ത്രവത്ക്കരണം നടപ്പാക്കിക്കൊണ്ടിരിക്കുന്നതിലൂടെ പരമ്പരാഗത തൊഴിലാളികൾക്ക് പ്രയോജനം ലഭിക്കുന്നു.

ചകിരിച്ചോറിൽനിന്ന് വൈദ്യുതി

192 (1225) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചകിരിച്ചോറിൽനിന്ന് വൈദ്യുതി ഉൽപാദിപ്പിക്കുന്ന നിലയം സ്ഥാപിക്കുന്നതിനുള്ള പദ്ധതിക്ക് കയർ ബോർഡ് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതി സംബന്ധിച്ച് വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) എത്ര മെഗാവാട്ട് വൈദ്യുതിയാണ് പ്രസ്തുത പദ്ധതി വഴി ഉൽപ്പാദിപ്പിക്കാൻ ഉദ്ദേശിക്കുന്നത് ;

(ഡി) പ്രസ്തുത പദ്ധതിക്കായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഇല്ല. എന്നിരുന്നാലും ചകിരിച്ചോറ് അഗ്രോവെയ്സുമായി ചേർത്ത് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനെ സംബന്ധിച്ച് മുംബെയിലെ ഒരു സ്ഥാപനവുമായി കയർ ബോർഡ് ചർച്ചകൾ നടത്തിയതായും ആവശ്യമായ സ്ഥലവും മുതൽമുടക്കും ഉണ്ടെങ്കിൽ ചകിരിച്ചോറും മേൽപ്പടി വസ്തുക്കളും ചേർത്തുപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കാൻ സാധിക്കുമെന്ന് ടി സ്ഥാപനം അവകാശപ്പെട്ടിട്ടുള്ളതായും കയർ ബോർഡ് അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly